പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 4623

29/06/2012-ൽ മറുപടിക്ക്

## വള്ളുവനാട് വികസന അതോറിറ്റി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീമതി കെ. എസ്. സലീഖ | ശ്രീ. മഞ്ഞളാംകുഴി അലി<br>(ബഹു. മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| (എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം എത്ര വികസന അതോറിറ്റികൾക്ക് രൂപം നൽകി; അവ ഏതെല്ലാം; ജില്ല തിരിച്ച് വ്യക്തമാക്കുമോ; | (എ) ഈ സർക്കാർ അധികാരമേറ്റ ശേഷം രണ്ട് വികസന അതോറിറ്റികൾക്ക് രൂപം നൽകി, വള്ളുവനാട് ഇൻഫ്രാസ്ട്രക്ചർ ഡവലപ്മെന്റ് അതോറിറ്റിയും - മലപ്പുറം ജില്ല, ഭരണങ്ങാനം ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് അതോറിറ്റിയും - കോട്ടയം ജില്ല |
| (ബി) വള്ളുവനാട് വികസന അതോറിറ്റിയിൽ വരുന്ന മുനിസിപ്പാലിറ്റികളും ഗ്രാമപഞ്ചായത്തുകളും ഏതൊക്കെയെന്ന് വ്യക്തമാക്കുമോ; ഇതിന്റെ കേന്ദ്രം എവിടെയെന്നും ഈ അതോറിറ്റിയുടെ പരിധിയിൽ എത്ര കുടുംബങ്ങൾ അധിവസിക്കുന്നുവെന്നും വ്യക്തമാക്കുമോ; | (ബി) വള്ളുവനാട് ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് അതോറിറ്റിയിൽ ഉൾപ്പെടുന്ന മുനിസിപ്പാലിറ്റി പെരിന്തൽമണ്ണയും ഗ്രാമപഞ്ചായത്തുകൾ മേലാറ്റൂർ, വെട്ടത്തൂർ, താഴേക്കോട്, ആലിപറമ്പ്, ഏലംകുളം, പുലാമന്തോൾ, അങ്ങാടിപ്പുറം എന്നിവയുമാണ്. പെരിന്തൽ മണ്ണയാണ് ഇതിന്റെ കേന്ദ്രം. അതോറിറ്റിയുടെ പരിധിയിൽ അധിവസിക്കുന്ന കുടുംബങ്ങളുടെ എണ്ണം നിജപ്പെടുത്തിയിട്ടില്ല. |
| (സി) പാലക്കാട്, മലപ്പുറം ജില്ലകളിലായി വ്യാപിച്ചുകിടക്കുന്ന പ്രദേശമാണ് വള്ളുവനാട് എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്തു കാരണത്താലാണ് വള്ളുവനാട് വികസന അതോറിറ്റി എന്ന് പേരിട്ട് പാലക്കാട് ജില്ലയെ ഒഴിവാക്കിയത്; വിശദമാക്കുമോ? | (സി) കിഴക്ക് അട്ടപ്പാടി മലകളും പടിഞ്ഞാറ് അറബിക്കടലും വടക്ക് പന്തല്ലൂർ മലകളും, തെക്ക് ഭാരതപ്പുഴയും അതിരിടുന്ന പ്രദേശമായിരുന്നു വള്ളുവനാട്. വള്ളുവനാടിന്റെ, ഭരണകർത്താക്കളുടെ (വള്ളുവക്കോനാതിരി) ഭരണ സിരാകേന്ദ്രം ഇന്നത്തെ അങ്ങാടിപ്പുറം പ്രദേശമായിരുന്നു. പിന്നീട് ബ്രിട്ടീഷ് ഭരണകാലത്ത് ഇത് ഏതാനും കിലോമീറ്റർ അകലെയുള്ള ഇന്നത്തെ പെരിന്തൽമണ്ണയിലേയ്ക്ക് മാറ്റപ്പെട്ടു. പെരിന്തൽമണ്ണ ആസ്ഥാനമായി നിലവിൽ വരുന്ന മുൻപത്തെ വള്ളുവനാട് പ്രദേശത്തിന്റെ സിംഹഭാഗങ്ങളും ഉൾക്കൊണ്ടുകൊണ്ട് നിലവിൽ വരുന്ന വികസന അതോറിറ്റിക്ക് വള്ളുവനാട് വികസന അതോറിറ്റി എന്ന നാമം അത്യന്തം അനുയോജ്യമാണ്. വികസന അതോറിറ്റി യുടെ കീഴിൽ വരുന്ന പ്രദേശം വേർതിരിക്കുന്നത് ഭരണപരമായ സൗകര്യം മുൻനിർത്തിയാണ്. |

സെക്ഷൻ ഓഫീസർ